**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4474** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന ഇരിക്കൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വിശദവിവരം നൽകുമോ; | (എ) | ഇരിക്കൂർ മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച 205ലക്ഷം രൂപ അടങ്കലുള്ള ആടാംപാറ നീർത്തട പദ്ധതി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. നാളിതുവരെ 149 ലക്ഷം രൂപ ചെലവഴിച്ച് 350 ഹെക്ടർ പ്രദേശത്ത് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൽ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സോയിൽ ഹെൽത്ത് കാർഡ് മുഖേന ഇരിക്കൂർ മണ്ഡലത്തിലെ ഇരിക്കൂർ, പയ്യാവൂർ, ഉളിക്കൽ പഞ്ചായത്തുകളിലും ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റിയിലുമായി 1591 മണ്ണ് സാമ്പിളുകൾ ശേഖരിക്കുകയും 10552 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുമുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മണ്ഡലത്തിൽ കൃഷിയ്ക്കും ജലസേചനത്തിനുമായി ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക വീതം വിനിയോഗിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ? | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ഇരിക്കൂർ മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 19, 20 ഘട്ടങ്ങളിൽ ഉൾപ്പെടുത്തി കാഞ്ഞിരക്കൊല്ലി നീർത്തട പദ്ധതി, ആടാംപാറ നീർത്തട പദ്ധതി എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ളത്. 148.80 ലക്ഷം അടങ്കലുള്ള കാഞ്ഞിരക്കൊല്ലി നീർത്തട പദ്ധതിയിൽ 138.04 ലക്ഷം രൂപ ചെലവഴിച്ച് 324 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി പദ്ധതി പൂർത്തീകരിച്ചു. ആടാംപാറ നീർത്തട പദ്ധതിയിൽ നാളിതു വരെ 149 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ